**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 183** **12-10-2021 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രോണിക്സ് വ്യവസായവുമായി ബന്ധപ്പെട്ട പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയിൽ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയിൽ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട 20 മുൻഗണനാ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇതിൽ ഇലക്ട്രോണിക്സ് വ്യവസായവുമായി ബന്ധപ്പെട്ട് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ഇലക്ട്രോണിക്സ് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ, കാക്കനാട് 67 ഏക്കർ ഭൂമിയിൽ ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്ലസ്റ്റർ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. എറണാകുളത്ത് തന്നെ പെരുമ്പാവൂരിൽ 30 ഏക്കർ ഭൂമിയിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഇലക്ട്രോണിക്സ് ഉൾപ്പെടെയുള്ള ഐ.ടി/ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനുള്ള മറ്റൊരു പദ്ധതിയും വിഭാവനം ചെയ്യുന്നു. |
| (സി) | വിദ്യാസമ്പന്നരായ ചെറുപ്പക്കാർ നിരവധിയുള്ള കേരളത്തെ ഒരു ഇലക്ട്രോണിക്സ് ഹബ്ബ് ആക്കി മാറ്റുന്നതിന് വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കിൻഫ്രയുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിൽ കാക്കനാട്ടും പെരുമ്പാവൂരും ആരംഭിക്കുന്ന ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് പദ്ധതികൾ യാഥാർത്ഥ്യമാകുമ്പോൾ എറണാകുളം ജില്ലയെ ഒരു ഇലക്ട്രോണിക്സ് ഹബ്ബ് ആയി വികസിപ്പിച്ചെടുക്കാൻ സാധിക്കുന്നതാണ്. ആമ്പല്ലൂരിൽ വ്യവസായം ആരംഭിക്കുവാൻ നിർദ്ദേശിച്ചിരുന്ന ഭൂമിയിൽ, ഇലക്ട്രോണിക്സ് വ്യവസായം സ്ഥാപിക്കുന്നതിന് പര്യാപ്തമാണോയെന്നതിനെ സംബന്ധിച്ച് ഒരു വിദഗ്ധ സമിതി പഠനം നടത്തുകയും പ്രസ്തുത സ്ഥലത്തിലെ നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുള്ളത് പരിശോധിച്ച് വരുന്നു. ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ ഹബ്ബായി കെൽട്രോണിനെ മാറ്റുക എന്ന ലക്ഷ്യം മുൻ നിർത്തി കെൽട്രോണിന് പൂർണ്ണ പ്രവർത്തന സ്വാതന്ത്ര്യം നൽകുകയും |

| | | | |
|---|---|---|---|
| | | | ഏറ്റെടുത്ത പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ അതിന്റെ ആവശ്യത്തിന് മാത്രമായി കോൺട്രാക്ട് അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെൽട്രോൺ വഴി ഇലക്ട്രോണിക്സ് അനുബന്ധ വ്യവസായങ്ങളുടെ നവീകരണ, വിപുലികരണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി വരുന്നുണ്ട്. വിവിധ ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ ആഭ്യന്തരമായി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കെൽട്രോണിന്റെ യൂണിറ്റുകളിൽ നടന്നു വരികയാണ്. ഇതിന്റെ ആദ്യപടിയായി തിരുവനന്തപുരത്തുള്ള കെൽട്രോൺ എക്വിപ്മെന്റ് കോംപ്ലക്സിനെ പവർ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റുന്നതിനുള്ള നടപടികൾ തുടരുന്നുണ്ട്. കൂടാതെ നാവിക പ്രതിരോധ മേഖലയിൽ ഉപയോഗിക്കുന്ന തന്ത്ര പ്രധാന ഉപകരണങ്ങൾ നിർമ്മിച്ച് കൈമാറാൻ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽട്രോണും കേന്ദ്ര പ്രതിരോധ ഗവേഷണ സ്ഥാപനമായ എൻ.പി.ഒ.എൽ. -മായും തമ്മിൽ ധാരാണപത്രം ഒപ്പുവച്ചിട്ടുണ്ട്. കെൽട്രോണിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ പ്രവർത്തന മൂലധനം തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അനുദിനം മാറികൊണ്ടിരിക്കുന്ന ഇലക്ട്രോണിക്സ് സാങ്കേതിക മേഖലയിൽ സുസ്ഥിരമായ പ്രവർത്തനം കാഴ്ചവെക്കുവാൻ ഈ മേഖലയിൽ കൂടുതൽ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തെ സ്റ്റാർട്ട്അപ്പ് വ്യവസായങ്ങളുടെ വളർച്ചയ്ക്കും വികസനത്തിനും അയതുവഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വ്യവസായ വകുപ്പ് വഴി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

1. വ്യവസായ വകുപ്പ് സംരംഭകർക്ക് ഭൂമി ലീസിൽ അനുവദിക്കൽ സംസ്ഥാന തലത്തിൽ ഏകീകൃത നയം
2. കുട്ടനാട് ബ്രാൻഡ് അരി മില്ലിന്റെ നിർമ്മാണ പ്രവർത്തനാരംഭം
3. കാസർഗോഡ് ഇ.എം.എൽ ഏറ്റെടുക്കൽ.
4. ഉയർന്ന ഉല്പാദന ശേഷിയുള്ള 10 ലക്ഷം കശുമാവിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്യലിന്റെ ഉദ്ഘാടനവും 100 ദിവസത്തിനുള്ളിൽ 8000 മെട്രിക് ടൺ കശുവണ്ടി ലഭ്യമാക്കി ഫാക്ടറികളിൽ 100 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കൽ
5. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുന്നതിന് കേന്ദ്രീകൃത പരിശോധനാ സംവിധാനമായ കെ-സിസ് (Kerala Centralised Inspection system) പോർട്ടൽ ഉദ്ഘാടനം.
6. മട്ടന്നൂർ കിൻഫ്ര പാർക്കിൽ പുതുതായി നിർമ്മിക്കുന്ന അഡ്മിനിസ്ട്രേഷൻ കം ഫെസിലിറ്റേഷൻ ബ്ലോക്കിന്റെ ശിലാസ്ഥാപനം
7. ദി കേരളാ സിറാമിക്സ് ലിമിറ്റഡിന്റെ വർദ്ധിത ഉൽപ്പാദനശേഷി കൈവരിക്കാനുള്ള പദ്ധതിയുടെ ഉദ്ഘാടനം.
8. കിൻഫ്ര മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി, മുണ്ടയ്ക്കൽ, കൊല്ലം - ഉദ്ഘാടനം.
9. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ സ്മാർട്ട് എനർജി മീറ്റർ, സ്മാർട്ട് വാട്ടർ മീറ്റർ എന്നീ യൂണിറ്റുകളുടെ ഉദ്ഘാടനം.
10. കേരള കരകൗശല വികസന കോർപ്പറേഷന്റെ വുഡ്ക്ലസ്റ്റർ യൂണിറ്റ്, ചേർപ്പ്, തൃശ്ശൂർ - ഉദ്ഘാടനം
11. കിൻഫ്രയുടെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിലെ ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ ഉദ്ഘാടനം.
12. കെ.സി.സി.പി ലിമിറ്റഡ് കമ്പനിയുടെ പുതുക്കൈ യൂണിറ്റിൽ ഹൈടെക്ക് കയർ ഡിഫൈബറിങ് യൂണിറ്റ് ഉദ്ഘാടനം.
13. ട്രാക്കോ കേബിൾ കമ്പനി തിരുവല്ല യൂണിറ്റിലെ ആധുനിക മെഷീനറികളുടെ പ്രവർത്തന ഉദ്ഘാടനം.
14. ലോകത്തെ മുൻനിര ഐ.ടി-ഡിസൈൻ സേവന ദാതാക്കളായ ടാറ്റ എൽക്സിയുമായി പുതിയ നിക്ഷേപ പദ്ധതിയ്ക്ക് ധാരണപത്രം ഒപ്പിട്ടു. 2500-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.
15. പ്രതിരോധ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.പി.ഒ.എൽ കെൽട്രോണുമായി ധാരണാപത്രം/സഹകരണത്തിനുള്ള നടപടികൾ
16. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ കോതമംഗലത്ത് സ്ഥാപിക്കുന്ന ബാംബൂ തൊഴിൽ നൈപുണ്യ കേന്ദ്രത്തിന്റെ ശിലാസ്ഥാപനം.
17. കാർഷിക മൂല്യ വർദ്ധിത ഉത്പന്ന മേഖലയിൽ സംരംഭകത്വ പരിശീലനം 14 ജില്ലകളിലായി 500 പേർക്ക് അഗ്രോ ഇൻകുബേഷൻ ഫോർ സസ്റ്റൈനബിൾ

എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി പൂർത്തീകരിക്കുക.

18. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് ആരോഗ്യ മേഖലയ്ക്ക് വിതരണം ചെയ്യുന്ന ദ്രവീകൃത ഓക്സിജൻ ഉത്പാദന ശേഷി വർദ്ധിപ്പിച്ച പദ്ധതിയും ഹോട്ട് ബാഗ് ഫിൽട്ടർ സംവിധാനവും ഉദ്ഘാടനവും.

19. കേരള സംസ്ഥാന ടെക്സ്റ്റയിൽ കോർപ്പറേഷൻ നാട്ടുകാണി ടെക്സ്റ്റയിൽ ഡൈയിങ് ആൻഡ് പ്രിന്റിങ് സെന്റർ ഉദ്ഘാടനം.

20. കാക്കനാട്ടുള്ള കിൻഫ്ര മാനുഫാക്ചറിങ് ക്ലസ്റ്ററിൽ റ്റാറ്റാ കൺസൾട്ടൻസിയുടെ ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടു, 10000-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടികൾക്ക് തുടക്കം കുറിക്കും.

- - - - - - - - - -

സെക്ഷൻഓഫീസർ